# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 2502

18/06/2014 - ൽ മറുപടിക്ക്

### ദേശിയ ജലപാത

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.റ്റി.ബൽറാം<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. കെ.ശിവദാസൻ നായർ<br>ശ്രീ. ലൂഡി ലൂയിസ് | ശ്രീ. പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ദേശീയ ജലപാത യാഥാർത്ഥ്യമാക്കാൻ എന്തെല്ലാം കർമ്മപരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. വിശദമാക്കുമോ; | (എ) ദേശീയ ജലപാതയുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ പൂർണ്ണചുമതല കേന്ദ്ര സർക്കാർ സ്ഥാപനമായ ഇൻലാന്റ് വാട്ടർവെയ്സ് അതോറിറ്റി ഓഫ് ഇൻഡ്യ (IWAI)യ്ക്കാണ്. പ്രസ്തുത പദ്ധതിയോട് അനുബന്ധിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തി ആയത് സമയബന്ധിതമായി പൂർത്തീകരിക്കുവാൻ പ്രവർത്തനപുരോഗതി വകുപ്പ് മന്ത്രിയുടെയും മുഖ്യമന്ത്രിയുടെയും തലത്തിൽ നിരന്തര അവലോകനയോഗം കൂടുകയും ചെയ്യുന്നുണ്ട്. ഈ പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് തടസ്സമായി നിൽക്കുന്ന, സംസ്ഥാന സർക്കാർ ഇടപെടേണ്ട പ്രശ്നങ്ങൾ IWAI അധികൃതരിൽ നിന്നും മനസ്സിലാക്കി ആയതിന് അടിയന്തിര പരിഹാരം ലഭ്യമാക്കുവാൻ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്കും വകുപ്പ് ഉദ്യോഗസ്ഥൻമാർക്കും കർശന നിർദ്ദേശം നൽകി അവ നടപ്പിലാക്കി വരുന്നു. |
| ബി) ജലപാതയുടെ നിർമ്മാണ പുരോഗതിയുടെ വിശദാംശങ്ങൾ അറിയിക്കുമോ; | (ബി) ദേശീയ ജലപാതയിൽ നടത്തിവരുന്ന നിർമ്മാണ പ്രവർത്തനത്തിന്റെ ഫലമായി ഈ ജലപാതയിലാകെ ഒറ്റവരി ഗതാഗത സംവിധാനം ഏർപ്പെടുത്തികഴിഞ്ഞു. ആലപ്പുഴക്കും കൊല്ലത്തിനുമിടയ്ക്ക് ഉദ്ദേശം 6 കി.മീ ഭാഗം കൂടി ആഴം കൂട്ടുവാനുള്ള പണികളും മറ്റും പൂർത്തീകരിച്ചാൽ ഈ ജലപാതയിലാകെ 2 വരി ഗതാഗത സംവിധാനം നിലവിൽ വരും. |

(സി) ജലപാതയുടെ തീരത്തുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ട്; വിശദമാക്കുമോ;

(സി) ജലപാതയുടെ തീരത്ത് നിലവിൽ IWAI 9 ടെർമിനലുകൾ സ്ഥാപിച്ചിട്ടുണ്ട്. അവ ഇവയൊക്കെയാണ്.

1) കോട്ടപ്പുറം
2) ആലുവ
3) മരട്
4) വൈക്കം
5) തണ്ണീർമുക്കം
6) ആലപ്പുഴ
7) തൃക്കുന്നപ്പുഴ
8) ആയിരംതെങ്ങ് (കായംകുളം)
9) കൊല്ലം.

രണ്ടാം ഘട്ടമായി കാക്കനാടും ചവറയിലും ഓരോ ടെർമിനലുകൾ നിർമ്മിക്കുവാൻ നടപടി IWAI സ്വീകരിക്കുന്നതാണ്. ഇതിനുപുറമെ ബോൾഗാട്ടിയിലും വെല്ലിംഗ്ടൺ ദ്വീപിലും ടെർമിനൽ സൗകര്യം ലഭ്യമാണ്.

(ഡി) മിഷൻ 676-ൽ ഇതിനായി എന്തെല്ലാം കാര്യങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

(ഡി) മിഷൻ 676 സ്വപ്നപദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാന സർക്കാരിന്റെ ഭാഗത്ത് നിന്ന് ചെയ്യേണ്ട എല്ലാവിധ നടപടികളും സ്വീകരിച്ച് ഈ പദ്ധതി നടപ്പാക്കുന്ന IWAI വഴി 2014 ഡിസംബറിൽ പണി പൂർത്തിയാക്കുവാൻ നടപടി സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ